**കണ്ണൂർ ജില്ലയിലെ തലശ്ശേരി വളവുപാറ റോഡ് നവീകരണം മട്ടന്നൂർ മുനിസിപ്പാലിറ്റിയിൽ അധിക സ്ഥലം ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിൻ മേൽ വിദഗ്ധ സമിതിയുടെ ശുപാർശ**

**തീയ്യതി 21.12.2019**

കണ്ണൂർ ജില്ലയിലെ തലശ്ശേരി വളവുപാറ റോഡ് നവീകരണത്തിനായി മട്ടന്നൂർ നഗര സഭയിൽ അധിക സ്ഥലം ഏറ്റെടുക്കുമ്പോഴുണ്ടാകാനിടയുള്ള സാമൂഹ്യ പ്രത്യാഘാത പഠ റിപ്പോർട്ട് വിലയിരുത്തി അതിൻ മേൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി താഴെ ഒപ്പിട്ടവർ അംഗങ്ങളായുള്ള വിദഗ്ധ സമിതിയെ കണ്ണൂർ ജില്ലാ കലക്ടറുടെ 10.12.2019-ാം തീയ്യതിയിലെ ഡിസികെഎൻആർ/11952/18/സി2 നമ്പർ ഉത്തരവ് പ്രകാരം രൂപവൽക്കരിച്ചിരുന്നു.

ഈ സമിതി പ്രസ്തുത പഠന റിപ്പോർട്ട് പഠിക്കുകയും കൂടാതെ 13.12.2019ന് രാവിലെ 11.30 മണിക്ക് നിർദ്ദിഷ്ട പദ്ധതി പ്രദേശം സന്ദർശിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ 21.12.2019ന് ഉച്ചയ്ക്ക് ശേഷം 2 മണിക്ക് കണ്ണൂർ കലക്ട്രേറ്റിൽ യോഗം ചേർന്ന് കാര്യങ്ങൾ വിലയിരുത്തുകയും ചെയ്തു.

കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നഗരസഭയിലെ മട്ടന്നൂർ കവലയിൽ ഇരിട്ടി റോഡിന്റെ കിഴക്ക് വശമായും,മട്ടന്നൂർ കണ്ണൂർ റോഡിന്റെ പടിഞ്ഞാറ് വശത്തുമായി സർവ്വെ നമ്പർ 33/7,33/9ൽ പെട്ട 0.0190 ഹെക്ടർ ഭൂമിയും അതിൽ ഉൾപ്പെടുന്ന കെട്ടിടങ്ങളുമാണ് ഈ പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. എന്നാൽ പ്രസ്തുത ഭൂമി മുഴുവനും പഴയ ലാന്റ് അക്വിസിഷൻ മുഖാന്തിരം അവാർഡ് ആയതും എന്നാൽ കൈവശക്കാർ തുക കൈപ്പറ്റാൻ വിസമ്മതിക്കുകയും ഭൂമിയുടെയും കെട്ടിടത്തിൻെയും വില വളരെ കുറവാണെന്നും മട്ടന്നൂരിന്റെ ഹൃദയഭാഗത്തുള്ള കെട്ടിടം ആയതിനാൽ മതിയായ നഷ്ടപരിഹാരം ലഭിക്കണമെന്നും കാണിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും ആയതിൻമേൽ 2013 ആക്ട് പ്രകാരമുള്ള തുക കൈവശക്കാർക്ക് നൽകണമെന്നുള്ള വിധി പുറപ്പെടുവിക്കുകയും ചെയ്തതിന്റെ അടി

സ്ഥാനത്തിൽ ആണ് കെ.എസ്.ടി.പി വീണ്ടും ബഹുമാനപ്പെട്ട ജില്ലാ കലക്ടർ മുമ്പാകെ അർത്ഥനാപത്രം സമർപ്പിച്ചതെന്നു റികിസിഷൻ അതോറിറ്റിയുടെ പ്രതിനിധി അറിയിച്ചിട്ടുണ്ട്.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിലുള്ള കാര്യങ്ങളും സ്ഥല പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങളും വിശകലനം ചെയ്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ശുപാർശകൾ സമർപ്പിക്കുന്നു.

1. കണ്ണൂർ ജില്ലയെയും കർണാടക സംസ്ഥാനത്തിലെ കുടക്, മൈസൂർ, ബാംഗ്ലൂർ തുടങ്ങിയ എല്ലാ നഗരങ്ങളെയും ബന്ധപ്പെടുത്തുന്ന പ്രധാന റോഡാണ് തലശ്ശേരി വളവുപാറ റോഡ് .ഈ റോഡ് നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത് കേരള സർക്കാറിന്റെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള കെ.എസ്.ടി.പി ഡിവിഷനാണ്. ആയതിനാൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നത് ഒരു പൊതു ആവശ്യത്തിനു വേണ്ടിയാണ്.

2. തലശ്ശേരി വളവുപാറ റോഡിലെ പ്രധാനപ്പെട്ടതും തിരക്കേറിയതുമായ ഒരു ട്രാഫിക് സർക്കിൾ ആണ് മട്ടന്നൂർ നഗര സഭയിലെ മേൽ പറഞ്ഞ പദ്ധതി പ്രദേശം. റോഡ് വികസിപ്പിക്കേണ്ട നിർദ്ദിഷ്ട സ്ഥലത്തായതിനാൽ സർക്കാർ ഉമസ്ഥതയിലുള്ളതോ മറ്റേതെങ്കിലും ഭൂമിയോ പകരം കണ്ടുപിടിക്കേണ്ട ആവശ്യമില്ല. ആയതിനാൽ നിർദ്ദിഷ്ട പദ്ധതിക്കു വേണ്ടി മറ്റൊരു ഭൂമി ഏറ്റെടുക്കേണ്ടതില്ല എന്നും പദ്ധതിക്കാവശ്യമായ ഏറ്റവും കുറഞ്ഞ ഭൂമി മാത്രമാണ് ഏറ്റെടുക്കുന്നതെന്നും കാണുന്നു.

3. താമസിക്കുന്ന വീടുകളൊന്നും തന്നെ നിർദ്ദിഷ്ട പ്രദേശത്തെ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നില്ല. ആയതിനാൽ പുനരധിവാസത്തിന്റെ ആവശ്യകതയില്ല. എന്നാൽ പ്രസ്തുത സ്ഥലത്ത് 6 കടകൾ ഏറ്റെടുക്കലിൽ ഉൾപ്പെടുന്നുണ്ട്.ഇതിന്റെ ഭാഗമായി ഏകദേശം 5 വാടകക്കാർക്കും അവരുടെ തൊഴിലാളികൾക്കും തൊഴിൽ നഷ്ടപ്പെടുന്നുണ്ട്. അവർക്ക് നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ യഥാസമയം നൽകേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു.

4. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ മേൽ സൂചിപ്പിച്ചവരുടെ ഉപജീവനം നഷ്ടപ്പെടും എന്ന സാഹചര്യം കണക്കിലെടുത്ത് RFCTLARR act 2013 പ്രകാരമുള്ള ന്യായമായ നഷ്ടപരിഹാരം നൽകുന്നതിലൂടെ കച്ചവടക്കാർക്കുള്ള നഷ്ടങ്ങൾ പരിഹരിക്കപ്പെടുന്നതാണ്. നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കുന്നതിലൂടെ കാലങ്ങളായി മട്ടന്നൂർ സർക്കിളിലെ

ട്രാഫിക് സർക്കിളിൽ അനുഭവപ്പെടുന്ന വാഹന ഗതാഗത കുരുക്ക് ഒഴിവാക്കുവാൻ സാധിക്കുമെന്ന് ബോധ്യമായിരിക്കുന്നു. മട്ടന്നൂർ നഗരസഭയുമായി ബന്ധപ്പെട്ട റോഡു വികസനത്തിന്റെ പ്രധാന നേട്ടമായി മാറുന്ന നിർദ്ദിഷ്ട പദ്ധതിയുടെ ഗുണം മേൽ പറഞ്ഞ പ്രത്യാഘാതത്തേക്കാൾ കൂടുതലാണെന്ന് കാണുന്നു. ആയതിനാൽ നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടിയുമായി മുന്നോട്ടു പോകാമെന്ന് ഈ സമിതി ശുപാർശ ചെയ്യുന്നു.

പി.പുരുഷോത്തമൻ
പ്രതിനിധി
മട്ടന്നൂർ നഗര സഭ

ജിജി.കെ
സാമൂഹ്യ ശാസ്ത്രജ്ഞ പ്രതിനിധി

ശ്രീമതി.പി.വി
ധനലക്ഷ്മി
മട്ടന്നൂർ നഗര സഭ

രാജൻ.പി റിട്ട.ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗ്ധൻ

സി.എം. മുരളീധരൻ,
റിട്ട. ഡെപ്യൂട്ടി കലക്ടർ
പുനരധിവാസ പ്രവർത്തന വിദഗ്ധൻ

കെ. ദിലീപൻ
അസി. എഞ്ചിനീയർ കെ.എസ്.ടി.പി
സാങ്കേതിക വിദഗ്ധൻ

ഗോപി. എം
ചെയർമാൻ
വിദഗ്ധ സമിതി